# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1342 — 04-12-2014 ൽ മറുപടിക്ക്

### സപ്ലൈകോ സാധനങ്ങളുടെ ഗുണനിലവാരം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.കെ.സദാശിവൻ | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സപ്ലൈകോ വഴി വിപണനം നടത്തുന്ന പല സാധനങ്ങളുടെയും ഗുണനിലവാരം മോശമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ; | (ബി) | സപ്ലൈകോ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന പലവ്യഞ്ജനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഒരു പ്രത്യേക ഗുണമേന്മ പരിശോധന വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഹെഡ് ഓഫീസ് തലത്തിൽ ക്വാളിറ്റി അഷ്വറൻസ് മാനേജരുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലുമുള്ള ജൂനിയർ മാനേജർ, അസിസ്റ്റന്റ് മാനേജർ (ക്യൂ.എ) അടങ്ങുന്ന വിദഗ്ധർ സാധനങ്ങളുടെ ഗുണനിലവാരം വാങ്ങുമ്പോഴും, സൂക്ഷിക്കുമ്പോഴും, വിൽപ്പന നടത്തുമ്പോഴും പരിശോധിച്ച് ഗുണമേന്മ ഉറപ്പ് വരുത്തുന്ന സംവിധാനം നിലവിലുണ്ട്.<br><br>ഓരോ ഡിപ്പോയിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഡിപ്പോയിൽ ലഭിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം നിബന്ധനപ്രകാരമാണെന്ന് ഉറപ്പുവരുത്തുവാൻ കർശനമായി പരിശോധന നടത്തിയതിനു ശേഷമാണ് സാധനങ്ങൾ സ്വീകരിക്കുന്നത്.<br><br>സപ്ലൈകോയുടെ എല്ലാ ഡിപ്പോകളിലും ഡിപ്പോ മാനേജർ, ക്വാളിറ്റി അഷ്വറൻസ് ആഫീസർ, ജൂനിയർ മാനേജർ എന്നിവരടങ്ങുന്ന ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് അതാത് ഡിപ്പോകളിൽലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ പരിശോധിച്ചുവരുന്നത്. ഭക്ഷ്യവസ്തുക്കൾ ഇത്തരത്തിൽ പരിശോധിച്ച് ഡിപ്പോയിൽ കൈപ്പറ്റിയ ശേഷം പിന്നീട് ഗുണമേന്മക്കുറവ് ശ്രദ്ധയിൽപ്പെട്ടാൽ |

ബന്ധപ്പെട്ട കരാറുകാരിൽ നിന്നും മാറ്റി വാങ്ങുവാനുള്ള സംവിധാനവും നിലവിലുണ്ട്. കരാർ പ്രകാരം ഭക്ഷ്യ വസ്തുക്കൾ വിതരണം നടത്തുന്ന കരാറുകാർ 60 ദിവസങ്ങൾക്കുള്ളിൽ ഗുണമേന്മക്കുറവ് പരിശോധനയിൽ തെളിഞ്ഞാൽ വിതരണം ചെയ്ത ഭക്ഷ്യവസ്തു മാറ്റി ഗുണമേന്മ ഉള്ളതു നൽകുവാൻ ബാദ്ധ്യസ്ഥരാണ്.

കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ വരുത്തുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുത്തി വരുന്നു. കൂടാതെ ഹെഡ് ആഫീസിൽ നിന്ന് നേരിട്ട് ഓരോ ഡിപ്പോയിലെയും ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ റാൻഡമായി പരിശോധന നടത്താറുണ്ട്. സപ്ലൈകോയുടെ വിജിലൻസ് വിഭാഗവും ഓഡിറ്റ് വിഭാഗവും എല്ലാ മാസവും വിവിധ ഡിപ്പോകളിൽ നിന്നും വിൽപ്പനശാലകളിൽ നിന്നും സാമ്പിളുകൾ എടുത്ത് ഗുണനിലവാര പരിശോധനകൾ നടത്തി, വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനായി കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുജനങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ ഗുണമേന്മയോടെ നൽകുവാനുള്ള സംവിധാനം സപ്ലൈകോയുടെ എല്ലാ കടകളിലും നിലവിലുണ്ട്. പായ്ക്കറ്റ് ഭക്ഷ്യവസ്തുക്കൾക്ക് HACCP, ISO 22000 അഗ്മാർക്ക് എന്നിവയിലുള്ള ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്.

സപ്ലൈകോയുടെ വിൽപ്പനശാലകൾവഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തിയിട്ടില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായി റാൻഡമായി സാമ്പിളുകൾ എടുത്ത് തുടർച്ചയായി റീജിയണൽ അനലിറ്റിക്കൽ ലാബിലും എൻ.എ.ബി.എൽഅംഗീകാരമുള്ള ലാബിലും, കോന്നിയിലുള്ള സി.എഫ്.ആർ.ഡി. മൈക്രോബയോളജി / കെമിക്കൽലാബുകളിലും പരിശോധന നടത്തുന്നുണ്ട്.

സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ മൊത്തവിതരണക്കാരുടെ ഉൽപാദനസ്ഥാപനങ്ങളിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റവും ഐ.എസ്.ഒ 22000-2005 ഉം നടപ്പിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** സംസ്ഥാനത്ത് രൂക്ഷമായി തുടരുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വിപണിയിൽ സപ്ലൈകോയുടെ എന്തൊക്കെ പുതിയ ഇടപെടലുകൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**(സി)** വിപണിയിൽ ഫലപ്രദമായി ഇടപെട്ട് വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ താഴെ പറയുന്നവയാണ്.

(1) നിത്യോപയോഗ സാധങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം ആവശ്യസാധനങ്ങൾ താഴെ കൊടുത്തിരിക്കുന്ന വിലയിൽ സപ്ലൈകോ വില്പനശാലകൾ വഴി വിറ്റുവരുന്നു.

| ക്രമ നമ്പർ | ഇനം | 1/12/2014 മുതലുള്ള സബ്സിഡി വില കി.ഗ്രാമിന്. |
|---|---|---|
| 1 | ചെറുപയർ | 74.00 |
| 2 | ഉഴുന്ന് (ഹോൾ) | 66.00 |
| 3 | വൻകടല | 43.00 |
| 4 | വൻപയർ | 45.00 |
| 5 | തുവരപ്പരിപ്പ് | 65.00 |
| 6 | മുളക് | 75.00 |
| 7 | മല്ലി | 112.00 |
| 8 | പഞ്ചസാര | 25.00 |
| 9 | ജയഅരി | 25.00 |
| 10 | കുറുവ അരി | 25.00 |
| 11 | മട്ട അരി | 25.00 |
| 12 | പച്ചരി സോർട്ടക്സ് | 23.00 |
| 13 | വെളിച്ചെണ്ണ (ലിറ്ററിന്) | 139.00 |

(2) പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട അരി, ജയ അരി, കുറുവ അരി) എന്നിവ കി.ഗ്രാമിന് 25 രൂപ നിരക്കിലും, പച്ചരി 23 രൂപ നിരക്കിലും പ്രതിമാസം കാർഡിന് 1ന് 10 കി.ഗ്രാം വീതം വിതരണം ചെയ്തു വരുന്നു.

(3) കൂടുതൽ വിൽപ്പന ശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനു പുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 23 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചു വരുന്നു.

(4) യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

(5) ഗോതമ്പുപൊടുയുടെ വിലവർദ്ധന തടയുവാനായി സപ്ലൈകോ വിൽപ്പനശാലകൾ റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോപായ്ക്കറ്റ് 15 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.

(6) അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും 15 ശതമാനം വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

(7) പൊതുവിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ 'ശബരി' എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

(8) ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

(9) സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലി സ്റ്റോറുകൾ ഇല്ലാത്ത 56 പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ നടപടി പുരോഗമിച്ചു വരുന്നു.

(10) ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാസാധനങ്ങളും QC കമ്മിറ്റിയുടെഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വില്പനക്ക് വയ്ക്കുന്നത്.

Beena

സെക്ഷൻ ഓഫീസർ